116 (1565) മുരിങ്ങേരി - കണ്ണൂർ റൂട്ടിൽ ബസ് സർവ്വീസ്

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മുരിങ്ങേരി കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ. ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബസ് സർവ്വീസ് നിർത്തുവാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

117 (1566) സ്വകാര്യ ബസുകൾക്ക് പെർമിറ്റ്

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളുരുത്തി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുംവിധം പനങ്ങാട്-കുമ്പളം-ഇടക്കൊച്ചി, പള്ളുരുത്തി-ചെല്ലാനം, കുമ്പളങ്ങി-ഇടക്കൊച്ചി, കുമ്പളം-വൈറ്റില എന്നിങ്ങനെയുള്ള റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

118 (1567) ഇടകൊച്ചിയിൽ ട്രിപ്പുകൾ ഉള്ള സ്വകാര്യ ബസുകൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടകൊച്ചിയിൽ അവസാനിക്കുന്ന ട്രിപ്പുകൾ ഉള്ള സ്വകാര്യബസുകളുടെ പെർമിറ്റ് ആലപ്പുഴ ജില്ലയിലെ അരൂർ ക്ഷേത്രം വരെ ദീർഘിപ്പിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

119 (1568) മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തിക

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly